# വിശ്വാസത്താൽ സകലവും സാധ്യം

## മർക്കോസ് 9:24

**"ബാലന്റെ അപ്പൻ ഉടനെ നിലവിളിച്ചു; കർത്താവെ ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസത്തിനു സഹായിക്കേണമേ എന്നു പറഞ്ഞു."**

വിശുദ്ധ മർക്കോസിന്റെ സുവിശേഷം 9:14-29 വരെയുള്ള വേദഭാഗത്ത്, അശുദ്ധാത്മാവിനാൽ ബാധിക്കപ്പെട്ട് യാതന അനുഭവിച്ചുകൊണ്ടിരുന്ന ഒരു ബാലനെ യേശു സൗഖ്യപ്പെടുത്തുന്ന സംഭവം വിവരിച്ചിരിക്കുന്നു. ചെറുപ്പം മുതൽ നിരന്തരമായി ഉപദ്രവിക്കപ്പെട്ടുകൊണ്ടിരുന്ന തന്റെ മകന്റെ വേദനയെ യേശുവിനു മുമ്പിൽ കൊണ്ടുവരുന്ന നിസ്സഹായനായ, സ്നേഹസ്വരൂപനായ ഒരു അപ്പന്റെ യാചനയ്ക്കു മുമ്പിൽ മനസ്സലിയുന്ന നമ്മുടെ കർത്താവിനെ നമുക്ക് ഇവിടെ കാണാം. "നിന്നാൽ വല്ലതും കഴിയും എങ്കിൽ മനസ്സലിഞ്ഞു ഞങ്ങളെ സഹോയിക്കണേ" എന്നപേക്ഷിച്ച ആ പിതാവിനോടു യേശു പറയുന്നു, "വിശ്വസിക്കുന്നവന് സകലവും കഴിയും."

ആ നിമിഷത്തിൽ തന്നെ ആ പിതാവ് പ്രതികരിക്കുന്നതായി നമ്മൾ വായിക്കുന്നു. വചനത്തിൽ പറയുന്നത് 'ബാലന്റെ അപ്പൻ ഉടനെ നിലവിളിച്ചു' എന്നാണ്. ആ പിതാവ് നിലവിളിച്ച് ഏറ്റുപറയുന്നത് രണ്ടു കാര്യങ്ങളാണ്.

1. ഞാൻ വിശ്വസിക്കുന്നു. 2. എന്റെ അവിശ്വാസത്തിൽ സഹായിക്കണേ. ഈ പ്രതികരണമാണ് കർത്താവ് നമ്മിൽനിന്നും പ്രതീക്ഷിക്കുന്നത്. നമ്മുടെ ദൈനംദിന ജീവിതത്തിൽ, നമ്മൾ പല അവസ്ഥകളിൽക്കൂടി കടന്നുപോകുന്നവരായിരിക്കാം. നമ്മുടെ ശത്രു നമ്മെ തീയുടെ അവസ്ഥയിൽ കടത്തി വിട്ടിട്ടുണ്ടാകാം, വെള്ളത്തിൽ ആഴത്തിൽ മുക്കിയിട്ടുണ്ടാകാം. എന്നാൽ നമ്മുടെ ഏതവസ്ഥയിലും പ്രിയ ദൈവജനമേ ഒന്നോർക്കുക, നമ്മുടെ കർത്താവ് നമ്മുടെ അടുത്തുണ്ട്. ഒരു നിലവിളിയോടുള്ള സമർപ്പണം മാത്രം മതി. അവൻ നമ്മെ വിടുവിക്കും.

ഈ പിതാവ് പറഞ്ഞതുപോലെ നാമും പലപ്പോഴും കർത്താവിനോടു പറഞ്ഞിട്ടില്ലേ, "നിന്നാൽ വല്ലതും കഴിയുമെങ്കിൽ മനസ്സലിഞ്ഞ് സഹായിക്കേണമേ" എന്ന്. നമ്മുടെ കർത്താവ് സഹായിക്കാൻ ശക്തൻ എന്ന് നമുക്ക് ഉറപ്പായും അറിയാം. എന്നാൽ പലപ്പോഴും മനസ്സിലുള്ള ചെറിയ അവിശ്വാസം വിടുതലിനു തടസ്സമായി നിൽക്കുന്നു. ഇവിടെ ആ പിതാവ് തന്റെ വിശ്വാസത്തെ ഏറ്റു പറയുകയും, തന്റെ അവിശ്വാസത്തെ സമർപ്പിക്കുകയും ചെയ്തപ്പോൾ പൂർണ്ണമായ സൗഖ്യം ആ കുടുംബത്തിന് ലഭിക്കുന്നു.

നമ്മുടെ ജീവിതത്തിലും അനുഗ്രഹത്തിനു തടസ്സമായി നിൽക്കുന്നത് പലപ്പോഴും നമ്മൾ തിരിച്ചറിയുകപോലും ചെയ്യാതെ മനസ്സിന്റെ ഉള്ളിലുള്ള അവിശ്വാസമാണ്. അതിനാൽ ആദ്യമായി ഈ അവിശ്വാസത്തിൽ എന്നെ സഹായിക്കേണമേ എന്ന് ഏറ്റുപറഞ്ഞുകൊണ്ട് കർത്താവിൽ സമർപ്പിക്കാം. കർത്താവ് നമുക്കുതന്ന വാഗ്ദത്തമായ, 'വിശ്വസിക്കുന്നവനു സകലവും കഴിയും' എന്ന അധികാരം ഏറ്റെടുത്തുകൊണ്ട് നമുക്ക് മുന്നോട്ടുപോകാം. നമ്മൾ വീണുകിടക്കുന്നിടത്തുനിന്നും നമ്മെ കൈപിടിച്ച് എഴുന്നേല്പിക്കാൻ നമ്മുടെ കർത്താവ് നമ്മോടുകൂടെ ഉണ്ട്. നമ്മുടെ കർത്താവിന് എന്നന്നേക്കും മഹത്വം.

**പരാമർശം:**

**മർക്കോസ് 5:36**

യേശു ആ വാക്കു കാര്യമാക്കാതെ പള്ളിപ്രമാണിയോടു: 'ഭയപ്പെടേണ്ടാ, വിശ്വസിക്ക മാത്രം ചെയ്ക' എന്നു പറഞ്ഞു.

**മർക്കോസ് 6:5–6**

ഏതാനും ചില രോഗികളുടെ മേൽ കൈ വെച്ചു സൌഖ്യം വരുത്തിയതു അല്ലാതെ അവിടെ വീര്യപ്രവൃത്തി ഒന്നും ചെയ്‌വാൻ കഴിഞ്ഞില്ല. അവരുടെ അവിശ്വാസം ഹേതുവായി അവൻ ആശ്ചര്യപ്പെട്ടു. അവൻ ചുറ്റുമുള്ള ഊരുകളിൽ ഉപദേശിച്ചുകൊണ്ടു സഞ്ചരിച്ചു പോന്നു.

**സിസ്റ്റർ റീന ഷാജിപള്ളിപ്പാട് 020**